**പതിനഞ്ചാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 235 — 29.01.2024 ൽ മറുപടിയ്ക്ക്

**കുടുംബാരോഗ്യകേന്ദ്രങ്ങൾ**

<table>
<tr><td colspan="2">ചോദ്യം<br><br>ശ്രീ. കെ. ബാബു (നെന്മാറ)</td><td colspan="2">ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;</td><td>(എ)</td><td>നെന്മാറ നിയോജക മണ്ഡലത്തിൽ നിലവിൽ കൊല്ലങ്കോട്, മുതലമട, പല്ലശ്ശന, അയിലൂർ, വടവന്നൂർ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. കൊട്ടുവായൂർ സി.എച്ച്.സിയെ ബ്ലോക്കതല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇത്തരത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളുടെ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാതെയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?</td><td>(ബി)</td><td><table><tr><th>സ്ഥാപനം</th><th>നിലവിലെ സ്ഥിതി</th></tr><tr><td>പ്രാഥമിക ആരോഗ്യ കേന്ദ്രം എലവഞ്ചേരി</td><td rowspan="2">പുതിയ കെട്ടിട നിർമ്മാണത്തിനായി 15-ാം ധനകാര്യ കമ്മിഷനിൽ അനുമതി ലഭ്യമായിട്ടുണ്ട്. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.</td></tr><tr><td>പ്രാഥമിക ആരോഗ്യ കേന്ദ്രം നെല്ലിയാമ്പതി</td></tr><tr><td>കൊട്ടുവായൂർ സി.എച്ച്.സി</td><td>ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു.</td></tr></table></td></tr>
</table>

Shaila. B

സെക്ഷൻ ഓഫീസർ